# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298


2020 ജൂൺ 23

# വാർത്താക്കുറിപ്പ്

## ഐഷെ: കോളജുകൾ ജൂൺ 30നകം വിവരങ്ങൾ അപ്‌ലോഡ് ചെയ്യണം

ഉന്നതവിദ്യാഭ്യാസമേഖലയിലെ അഖിലേന്ത്യാ സർവേയുമായി ബന്ധപ്പെട്ട് മഹാത്മാഗാന്ധി സർവകലാശാലയ്ക്കു കീഴിലുള്ള കോളജുകൾ ജൂൺ 30നകം ഐഷെ(AISHE) വെബ്സൈറ്റിൽ( www.aishe.gov.in) വിവരങ്ങൾ അപ്‌ലോഡ് ചെയ്യണം.

(പി.ആർ.ഒ/39/630/2020)

## ഗവേഷണപുരോഗതി വിലയിരുത്തൽ; അർദ്ധവാർഷികാവതരണം

മഹാത്മാഗാന്ധി സർവകലാശാല സ്‌കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ടിലെ ഗവേഷണവിദ്യാർഥികളുടെ ഗവേഷണപുരോഗതി വിലയിരുത്തുന്നതിനുള്ള അർദ്ധവാർഷികാവതരണം (ഓൺലൈൻ) ജൂലൈ ഒന്നു മുതൽ ആരംഭിക്കും. വിശദവിവരത്തിന് ഫോൺ: 9446126162(ഡോ .ജാസ്റ്റിൻ അലക്സ്)

(പി.ആർ.ഒ/39/631/2020)

## ഉപന്യാസ രചന മത്സരം: വിജയികൾ

'പരിസ്ഥിതി സൗഹൃദം, സുസ്ഥിര വികസനം - നവകേരളം എന്റെ കാഴ്ചപ്പാടിൽ' എന്ന വിഷയത്തിൽ വിദ്യാർഥികൾക്കായി മഹാത്മാ ഗാന്ധി സർവകലാശാല നടത്തിയ ഉപന്യാസ രചന മത്സരത്തിൽ ഉഴവൂർ സെന്റ് സ്റ്റീഫൻസ് കോളജിലെ ജ്യോതിസ് സിറിയക് ഒന്നാംസ്ഥാനം നേടി. പാമ്പാടി കെ.ജി. കോളജിലെ എം. തോമസ് യാക്കോബ്, ചമ്പക്കുളം പോരുക്കര കോളജ് ഓഫ് എജ്യൂക്കേഷനിലെ ടോണി മൈക്കിൾ എന്നിവർ യഥാക്രമം രണ്ടും മൂന്നും സ്ഥാനത്തെത്തി. വിജയികൾക്ക് മെരിറ്റ് സർട്ടിഫിക്കറ്റും യഥാക്രമം 2500, 1500, 1000 രൂപയുടെ പുസ്തകങ്ങളും സമ്മാനമായി ലഭിക്കും.

(പി.ആർ.ഒ/39/632/2020)

## പിഎച്ച്.ഡി. കോഴ്‌സ് വർക്ക് പരീക്ഷഫലം

മിനി പോൾ എന്നയാളുടെ 2015 ഫെബ്രുവരിയിൽ നടന്ന പിഎച്ച്.ഡി. കോഴ്‌സ് വർക്ക് പരീക്ഷയുടെ (ലോ ഓൾഡ് സ്‌കീം 2015) ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ/39/633/2020)

## പരീക്ഷഫലം

2019 ജൂലൈയിൽ നടന്ന എം.എ. ഹിന്ദി മൂന്നാം സെമസ്റ്റർ (പ്രൈവറ്റ്) പരീക്ഷഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂലൈ മൂന്നിനകം അപേക്ഷിക്കാം. 2015 അഡ്മിഷന് മുമ്പുള്ളവർ ഓൺലൈനിലൂടെ ഫീസടച്ച് പരീക്ഷ കൺട്രോളർക്ക് അപേക്ഷ നൽകണം. 2015 അഡ്മിഷൻ മുതലുള്ളവർ ഓൺലൈനിൽ അപേക്ഷിക്കണം.

(പി.ആർ.ഒ/39/634/2020)

2019 ജൂലൈയിൽ നടന്ന എം.എ. ഹിന്ദി നാലാം സെമസ്റ്റർ (പ്രൈവറ്റ്) പരീക്ഷഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂലൈ മൂന്നിനകം അപേക്ഷിക്കാം. 2015 അഡ്മിഷന് മുമ്പുള്ളവർ ഓൺലൈനിലൂടെ ഫീസടച്ച് പരീക്ഷ കൺട്രോളർക്ക് അപേക്ഷ നൽകണം. 2015 അഡ്മിഷൻ മുതലുള്ളവർ ഓൺലൈനിൽ അപേക്ഷിക്കണം.

(പി.ആർ.ഒ/39/635/2020)

2019 നവംബറിൽ സ്കൂൾ ഓഫ് ഇന്റർനാഷണൽ റിലേഷൻസ് ആൻഡ് പൊളിറ്റിക്സിൽ നടന്ന ഒന്നാം സെമസ്റ്റർ എം.എ. പൊളിറ്റിക്സ് ആൻഡ് ഇന്റർനാഷണൽ റിലേഷൻസ്, എം.എ. പൊളിറ്റിക്സ് ആൻഡ് ഹ്യൂമൻറൈറ്റ്സ്, എം.എ. പൊളിറ്റിക്സ് (പബ്ലിക് പോളിസി ആൻഡ് ഗവേണൻസ്) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ/39/636/2020)

## അപേക്ഷ തീയതി

അഞ്ച്, ആറ് സെമസ്റ്റർ ബി.എ./ബി.കോം (സി.ബി.സി.എസ്.എസ് 2017 വരെയുള്ള അഡ്മിഷൻ, സപ്ലിമെന്ററി, 2012,2013 അഡ്മിഷൻ മേഴ്സി ചാൻസ്-പ്രൈവറ്റ് രജിസ്ട്രേഷൻ) പരീക്ഷയ്ക്ക് ജൂൺ 29 വരെ പിഴയില്ലാതെയും 525 രൂപ പിഴയോടെ ജൂലൈ ഒന്നുവരെയും 1050 രൂപ സൂപ്പർഫൈനോടെ ജൂലൈ മൂന്നുവരെയും അപേക്ഷിക്കാം. പരീക്ഷഫീസിനു പുറമേ പേപ്പറൊന്നിന് 35 രൂപ വീതം പരമാവധി 210 രൂപ സി.വി. ക്യാമ്പ് ഫീസ് അടയ്ക്കണം. 2012, 2013 അഡ്മിഷൻ വിദ്യാർഥികൾ 5250 രൂപ സ്പെഷൽ ഫീസും അടയ്ക്കണം. ഒന്ന്, രണ്ട് സെമസ്റ്റർ (സി.ബി.സി.എസ്.എസ്. മേഴ്സി ചാൻസ്) പരീക്ഷയ്ക്ക് സ്പെഷൽ മേഴ്സി ചാൻസ് ഫീസ് അടച്ച 2012 അഡ്മിഷൻകാർ വീണ്ടും ഫീസ് അടയ്ക്കേണ്ടതില്ല. ബി.എ. വിദ്യാർഥികൾ അസിസ്റ്റന്റ് രജിസ്ട്രാർ- നാലി(പരീക്ഷ)നും ബി.കോം വിദ്യാർഥികൾ അസിസ്റ്റന്റ് രജിസ്ട്രാർ 10(പരീക്ഷ)നും അപേക്ഷ നൽകണം. വിശദവിവരം വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/637/2020)

## പ്രൊഫ. എ.എം. തോമസ് റിസർച്ച് ഡയറക്ടർ

മഹാത്മാഗാന്ധി സർവകലാശാലയുടെ റിസർച്ച് ഡയറക്ടറായി സ്കൂൾ ഓഫ് ഇന്റർനാഷണൽ റിലേഷൻസ് ആൻഡ് പൊളിറ്റിക്സിലെ അധ്യാപകൻ പ്രൊഫ. എ.എം. തോമസിനെ നിയമിച്ച് ഉത്തരവായി.

(പി.ആർ.ഒ/39/638/2020)

## എം.ബി.എ. പ്രവേശനം; അപേക്ഷ ജൂൺ 30 വരെ

മഹാത്മാഗാന്ധി സർവകലാശാല സ്കൂൾ ഓഫ് മാനേജ്മെന്റ് ആന്റ് ബിസിനസ് സ്റ്റഡീസിൽ എം.ബി.എ. പ്രോഗ്രാം പ്രവേശനത്തിന് ജൂൺ 30 വരെ ഓൺലൈനായി അപേക്ഷിക്കാം. ജൂൺ 21ന് നടന്ന കെ മാറ്റ് പ്രവേശനപരീക്ഷ എഴുതിയവർക്കും അപേക്ഷ നൽകാം. വിശദവിവരങ്ങൾക്ക് www.admission.mgu.ac.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക. ഫോൺ: 0481-2732288. ഇമെയിൽ: smbsmgu@yahoo.co.in

(പി.ആർ.ഒ/39/639/2020)

## നാലാം സെമസ്റ്റർ യു.ജി., പി.ജി. പരീക്ഷകൾക്ക് തുടക്കം; പ്രത്യേക പരീക്ഷ കേന്ദ്രങ്ങളിൽ 2310 പേർ പരീക്ഷയെഴുതി

മഹാത്മാഗാന്ധി സർവകലാശാല നാലാം സെമസ്റ്റർ ബിരുദ, ബിരുദാനന്തര പരീക്ഷകൾക്കു തുടക്കമായി. വിവിധ ജില്ലകളിൽ താമസിക്കുന്നവർക്ക് അതത് ജില്ലകളിൽതന്നെ പരീക്ഷയെഴുതുന്നതിനായി എല്ലാ ജില്ലയിലും ലക്ഷദ്വീപിലും പ്രത്യേക പരീക്ഷ കേന്ദ്രങ്ങളൊരുക്കിയിരുന്നു. 39,021 യു.ജി. വിദ്യാർഥികളും 5200 ലധികം പി.ജി. വിദ്യാർഥികളുമാണ് പരീക്ഷയെഴുതിയത്. പ്രത്യേക പരീക്ഷ കേന്ദ്രങ്ങളിലൂടെ 1396 പേർ ബിരുദ പരീക്ഷയും 914 പേർ ബിരുദാനന്തരബിരുദ പരീക്ഷയുമെഴുതി. ആരോഗ്യവകുപ്പിന്റെ നിർദേശങ്ങൾ പാലിച്ചാണ് കോളജുകൾ പരീക്ഷ നടത്തിയത്.

വിവിധ ജില്ലകളിലെ പരീക്ഷ കേന്ദ്രങ്ങളിൽ പരീക്ഷയെഴുതിയ യു.ജി., പി.ജി. വിദ്യാർഥികളുടെ എണ്ണം ചുവടെ: തിരുവനന്തപുരം: യു.ജി.-61 പി.ജി.-51 കൊല്ലം: യു.ജി.- 123 പി.ജി.-66 പത്തനംതിട്ട: യു.ജി.-109 പി.ജി.-63 ആലപ്പുഴ: യു.ജി.-86 പി.ജി.-82 കോട്ടയം: യു.ജി.-77 പി.ജി.-54 ഇടുക്കി: യു.ജി.-278 പി.ജി.-120 എറണാകുളം: യു.ജി.-96 പി.ജി.-111 തൃശ്ശൂർ: യു.ജി.-70 പി.ജി.-79 പാലക്കാട്: യു.ജി.-33 പി.ജി.-45 മലപ്പുറം: യു.ജി.-65 പി.ജി.-64 വയനാട്: യു.ജി.-60 പി.ജി.-32 കോഴിക്കോട്: യു.ജി.-104 പി.ജി.-63, കണ്ണൂർ: യു.ജി.-130 പി.ജി.- 56 കാസർഗോഡ്: യു.ജി.-39 പി.ജി.-17 ലക്ഷദ്വീപ്: യു.ജി.-65 പി.ജി.-7.

കോവിഡ് 19 രോഗപ്രതിരോധ മാർഗനിർദേശങ്ങൾ പാലിച്ചും പ്രത്യേക പരീക്ഷകേരന്ദ്രമൊരുക്കിയും ആറാം സെമസ്റ്റർ പരീക്ഷയും വിജയകരമായി പൂർത്തീകരിച്ചിരുന്നു.

(പി.ആർ.ഒ/39/640/2020)

**എ. അരുൺ കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ